## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1173** **02.03.2017- ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പുകൾക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പദ്ധതിയുടെ പ്രാധാന്യവും വർഷങ്ങളായുള്ള ജനങ്ങളുടെ അഭ്യർത്ഥനയും മാനിച്ച് പൊതുമരാമത്ത് വകുപ്പ് ചില പ്രവൃത്തികൾക്ക് ഭരണാനുമതിയും ബജറ്റിൽ തുകയും വകയിരുത്തുമ്പോഴും സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതായി പരിശോധിച്ചിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ഉണ്ട്. |
| (ബി) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ബൈപാസ് നിർമ്മാണത്തിന് ഭരണാനുമതിയും ബജറ്റിൽ പത്ത് കോടി രൂപയും വയിരുത്തിയിട്ടും പ്രവൃത്തി ഇനിയും ആരംഭിക്കാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ; | | |
| (സി) പ്രസ്തുത ബൈപാസിന്റെ കുറെ ഭാഗം നെൽപാടങ്ങളിലൂടെ കടന്നുപോകുന്നതാണ് പദ്ധതിക്ക് തടസ്സമായി നിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) എങ്കിൽ തടസ്സപ്പെട്ടു നിൽക്കുന്ന കുറ്റ്യാടി ബൈപാസ് നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; പദ്ധതി പ്രവർത്തനം | (ഡി) | നെൽവയൽ തണ്ണീർത്തട നിരീക്ഷണ സമിതി സ്ഥലം പരിശോധന നടത്തിയിട്ടുണ്ട്. ബ്ലോക്ക് നം. 125-ൽ ഉൾപ്പെട്ട 3, 4, 5 എന്നീ നമ്പരുകളിലായി |

എന്നത്തേക്ക് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

സൂചിപ്പിച്ച പ്രദേശം നിലവിലുള്ള തണ്ണീർത്തട ഡാറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലങ്ങളാണെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. എന്നാൽ ഈ പ്രദേശങ്ങളിൽ കഴിഞ്ഞ 20 വർഷത്തിനും 30 വർഷത്തിനും ഇടയിൽ പ്രായമുള്ള തെങ്ങുകളും കവുങ്ങുകളും കൃഷി ചെയ്തുവരുന്നതായും 2008-ന മുമ്പ് നികത്തിയ സ്ഥലമാണെന്നും സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ഇനി ബയോഡൈവേഴ്സിറ്റി ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചതിനു ശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ